# ജി എച്ച് എസ് എസ് കോട്ടത്തറ

## സമഗ്രഗുണമേന്മ പദ്ധതി

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## വാർഷിക പദ്ധതി രൂപരേഖ 2025-2026

# ജി എച്ച് എസ് എസ് കോട്ടത്തറ

## വാർഷിക പദ്ധതി രൂപരേഖ 2025-2026

**വിഷയം**

ഇംഗ്ലീഷ് ഭാഷാപരിപോഷണ പരിപാടി

**പ്രധാന്യം**

വിവിധ മൂല്യനിർണയ ഫലങ്ങൾ, രക്ഷാകർത്താക്കളുടെ നിരീക്ഷണങ്ങൾ, കുട്ടികളുടെ പ്രതികരണങ്ങൾ തുടങ്ങിയവയിൽ എത്തുന്ന നിഗമനം ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾക്കുള്ള കുറഞ്ഞ ആത്മവിശ്വാസമാണ്. ആത്മവിശ്വാസം ഉയർത്തുന്നതിന് ക്ലാസ്. പഠനപ്രവർത്തനത്തോടൊപ്പം പ്രത്യേക പരിശീലനം ആവശ്യമാണ്. അഞ്ചു മുതൽ ഒൻപതുവരെ ക്ലാസുകളിലെ കുട്ടികൾക്ക് സംസാരിക്കുന്നതിലും എഴുതുന്നതിലും ക്രമാനുഗതമായ വളർച്ച നല്കുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച നടപ്പിലാക്കണം. എല്ലാ കുട്ടികളെയും പരിഗണിക്കുന്നതും പങ്കാളിത്തം ഉറപ്പാക്കുന്നതുമായ പദ്ധതിയാണ് വേണ്ടത്. എല്ലാ പ്രവർത്തനങ്ങളുടെയും ഉല്പന്നങ്ങൾ ശേഖരിച്ച് ഇടക്കാല വിലയിരുത്തൽ നടത്തേണ്ടതാണ്.

**പ്രവർത്തനങ്ങൾ**

Self profile, Show and tell, Cartoon, Vedio, Rhyme reciting, Role play etc.

**പ്രവർത്തന ഘട്ടങ്ങൾ**,

1. 100 ദിന പരിപാടി
2. 15 മിനിട്ട് മോഡ്യൂളുകൾ തയ്യാറാക്കുക
3. അധ്യാപകരുടെ റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കുക
4. മോഡ്യൂളുകളിൽ ഗ്രൂപ്പിൽ ചർച്ച ചെയ്യുക.
5. ഉച്ച ഇന്റർവെല്ലിലെ അവസാന 15 മിനിട്ട് വീതം.
6. ഓരോ പ്രവർത്തനവും ഇരുപത് ദിവസം കൊണ്ട് പൂർത്തിയാക്കി ഉല്പന്നങ്ങൾകൊണ്ട് പൂർത്തിയാക്കി ഉല്പന്നങ്ങൾ ഡോക്യുമെന്റ് ചെയ്യുക.
7. ക്ലാസ് ഗ്രൂപ്പുകളിൽ ഷെയർചെയ്യുക.

**കാലയളവ്** 100 ദിവസം

**പ്രതീക്ഷിത ചെലവ്** : 2000

2

# ജി എച്ച് എസ് എസ് കോട്ടത്തറ

# വാർഷിക പദ്ധതി രൂപരേഖ 2025-2026

വിഷയം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടകുട്ടികളുടെ ഹാജർ കുറവ്

പ്രധാന്യം

കോട്ടത്തറ ,വെങ്ങപ്പള്ളി പഞ്ചായത്തുകളിലെ നാൽപതോളം ഉന്നതികളിൽ നിന്നാണ് കുട്ടികളെത്തുന്നത്. എൽ പി , യു പി വിഭാഗങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം ആനുപാതികമായി കുറവാണ്. എന്നാൽ എച്ച് എസ് വിഭാഗത്തിൽ അൻപത് ശതമാനത്തോളം വരും. സ്ഥിരമായ ഹാജരില്ലായ്മ, പഠനപിന്നോക്കാവസ്ഥ, പഠനപിന്തുണാ സംവിധാനത്തിന്റെ അപര്യാപ്തത, സ്വയം അരികുവത്കരിക്കൽ, എന്നിങ്ങനെ ധാരാളം പരിസന്ധികൾ ഇപ്പോഴും നിലനിൽക്കുന്നു. വിവിധ വകുപ്പുകൾ നല്കുന്ന പിന്തുണാപ്രവർത്തനങ്ങൾ ഒറ്റപ്പെട്ടതോ ഫലപ്രാപ്തിയിലെത്താൻ കഴിയുന്നവോയല്ല. അതുകൊണ്ട് ഉന്നതികളിലിടപെടുന്നവരുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

ഘടന

കുട്ടികൾ പഠിക്കുന്ന ഓരോ ഉന്നതിയും കേന്ദ്രീകരിച്ച് വിദ്യാഭ്യാസ പിന്തുണാ സമിതി രൂപീകരിക്കുക. അധ്യാപകർ, ട്രൈബൽ പ്രമോട്ടർമാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ സാമൂഹ്യപ്രവർത്തകർ , രക്ഷാകർതൃപ്രവർത്തകർ എന്നിവരുൾപ്പെടുന്ന സമിതി. അധ്യാപകൻ കോ ഓർഡിനേറ്ററായി പ്രവർത്തിക്കണം.
മാസത്തിലൊരിക്കല് ഉന്നതിയിൽ യോഗം ചേർന്ന് വിലയിരുത്തുക.
കുട്ടികൾക്കായി കളികൾ പാട്ടുകൾ, അഭിനയം, എന്നിവയുൾപ്പെടുന്നവയാകാം കുട്ടികളുടെയോഗം.
സ്കൂൾതല യോഗം, ഇടക്കാലവിലയിരുത്തൽ
വിദ്യാഭ്യാസ പിന്തുണാ സമിതിയുടെ പ്രത്യേക വാട്സ് ആപ് ഗ്രൂപ്പ്.

പ്രവർത്തന ഘട്ടങ്ങൾ

1. സ്കൂൾതല സമിതി രൂപീകരണം.
2. ഓരധ്യാപികയ്ക്ക് ഒരു ഉന്നതിയുടെ ചുമതല
3. ജൂൺ മാസം ഉന്നതി തല വിദ്യാഭ്യാസസമിതി രൂപീകരണം
4. കുട്ടികളുടെ പ്രതിമാസ കൂടിയിരുപ്പ്.
5. സ്കൂളിലെത്താത്ത കുട്ടികൾക്കുള്ള പിന്തുണാ പ്രവർത്തനം.
6. കൗൺസിലിങ്ങ് സൗകര്യം.
7. ഫാമിലി മൈക്രോ പ്ലാൻ വികസിപ്പിക്കുക.
8. കുട്ടികളുടെ പരിമിതി കണ്ടെത്തി വ്യക്തിഗത പദ്ധതി തയ്യാറാക്കുക.
9. മറ്റു വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരം .

കാലയളവ് ഒരു വർഷം

പ്രതീക്ഷിത ചെലവ് : 4000 (8 സ്കൂൾതല യോഗങ്ങൾ)

# ജിഎച്ച്എസ്എസ് കോട്ടത്തറ
# വാർഷിക പദ്ധതി രൂപരേഖ
# 2025 - 26

വിഷയം : ശുചിത്വം

പ്രാധാന്യം :
കുട്ടികളിൽ ശുചിത്വ ശീലം വളർത്തുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനും പരിശീലിപ്പിക്കുക

പ്രവർത്തന ഘട്ടങ്ങൾ

1. എല്ലാ ക്ലാസുകളിലും ക്ലാസ് വൃത്തിയാക്കുന്നതിന് ആവശ്യമായ സാമഗ്രികൾ തുടക്കത്തിൽ തന്നെ ലഭ്യമാക്കുകയും പ്ലാസ്റ്റിക് പേപ്പർ എന്നിവ വെവ്വേറെ നിക്ഷേപിക്കുന്നതിനായി വേസ്റ്റ് ബിൻ നൽകുകയും ചെയ്യുന്നു.
2. ക്ലാസ് ടീച്ചേഴ്സിന്റെ സഹായത്തോട്ടു കൂടെ ഇതിന്റെ ആവശ്യം എന്താണെന്ന് കുട്ടികളെ ബോധവൽക്കരിക്കുകയും , കൃത്യമായി കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് ക്ലാസ് ലീഡേഴ്സ് വഴി ഉറപ്പാക്കുകയും ചെയ്യുന്നു
3. വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട ക്ലാസുകൾ ഹെൽത്ത് ഡിപ്പാർട്ട്മെന്റ് സഹായത്തോട്ടുകൂടി കുട്ടികൾക്ക് നൽകുന്നു
4. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ആയി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പോസ്റ്റർ രൂപത്തിൽ ആക്കി സ്കൂളിലെ വിവിധ ഭാഗങ്ങളിൽ പതിപ്പിക്കുന്നു.
5. മികച്ച രീതിയിൽ ക്ലാസ് വൃത്തിയായി കൊണ്ട് നടക്കുന്ന ഒരു ക്ലാസിന് ഓരോ സെക്ഷനിൽ നിന്നും ഓരോ മാസവും കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു

പ്രവർത്തന കാലയളവ്:- ഒരു വർഷം

പ്രതീക്ഷിത ചെലവ്:- 4000 രൂപ

4

# ജിഎച്ച്എസ്എസ് കോട്ടത്തറ
## വാർഷിക പദ്ധതി രൂപരേഖ
## 2025 2026

വിഷയം :- USS

പ്രാധാന്യം:- പഠനത്തിൽ മികച്ചുനിൽക്കുന്ന കുട്ടികളെ കണ്ടെത്തി മത്സരപരീക്ഷയ്ക്ക് പരിശീലനം നൽകൽ

പ്രവർത്തന ഘട്ടങ്ങൾ :-

1. വർഷാരംഭത്തിൽ തന്നെ ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകി തുടങ്ങുന്നു.
2. പരീക്ഷകൾക്ക് ശേഷം മാർക്കിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ കണ്ടെത്തുകയും അവർക്ക് രാവിലെയോ വൈകുന്നേരവും ആയി സമയം കണ്ടെത്തി യുഎസ്എസ് പരീക്ഷാ പരിശീലനം നൽകുന്നു.
3. കൃത്യമായ ഇടവേളകളിൽ മാതൃക പരീക്ഷകൾ ഓ എം ആർ ഉപയോഗിച്ച് നടത്തുകയും എല്ലാം എഴുതാനുള്ള പരിശീലനം നൽകുകയും ചെയ്യുന്നു
4. ലഭ്യമായ പുസ്തകങ്ങളും മറ്റ് സഹായക പരിശീലനം സഹായികളും കുട്ടികൾക്ക് ലഭ്യമാക്കുന്നു
5. എല്ലാമുകൾ നടത്തി കുട്ടികളുടെ നിലവാരം മനസ്സിലാക്കി അതിനനുസരിച്ചുള്ള ക്ലാസുകൾ നൽകുകയും രക്ഷിതാക്കളുടെ സഹായത്തോട്ടു കൂടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യും

കാലയളവ് :- 2025 - 2026

പ്രതീക്ഷിത ചെലവ് :- 500 രൂപ

5

# ജി. എച്ച് എസ് എസ് കോട്ടത്തറ

## വാർഷിക പദ്ധതി രൂപരേഖ 2025-2026

വിഷയം: ആരോഗ്യം

പ്രാധാന്യം: കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം, പഠന പ്രക്രിയയിൽ പ്രധാന പങ്കു വഹിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

1.ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ ക്ലാസ് ടീച്ചേഴ്സിൻ്റെ സഹായത്തോടെ കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു.
2. പ്രയാസം നേരിടുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും 3 മാസത്തിലൊരിക്കൽ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.
3. പ്രയാസം നേരിടുന്ന കുട്ടികളുടെ വിവരങ്ങൾ ക്ലാസ് ടീച്ചേഴ്സിൻ്റെ സഹായത്തോടെ കൗൺസിലിംഗ്, IED അധ്യാപകരെ അറിയിക്കുന്നു.
4. വ്യക്തിഗത പ്രശ്നങ്ങളനുഭവിക്കുന്ന കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള കൗൺസിലിങ്ങ് നൽകുക.
5. പഠനവൈകല്യമുള്ള കുട്ടികൾക്കുള്ള പ്രത്യേക പഠനസഹായം നൽകുക
6.ആരോഗ്യവകുപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾ
7. സ്കൂൾ ശുചിത്വ പ്രശ്നങ്ങൾ പരിഹരിച്ച് സമ്പൂർണ്ണ ശുചിത്വ വിദ്യാലയമാക്കുക.
8. ലഹരിവിരുദ്ധ ജാഗ്രതാസമിതി പ്രവർത്തനങ്ങൾ പി.ടി.എ, എസ്. എം.സി സഹകരണത്തോടെ സജീവമാക്കുക. പ്രചരണപ്രവർത്തനങ്ങൾ നടത്തുക.
9. 6 മാസത്തിലൊരിക്കൽ മെഡിക്കൽ check up ഉറപ്പു വരുത്തുന്നു.

കാലയളവ്

2025–2026 ( 1 year)

പ്രതീക്ഷിതച്ചെലവ്

5000/-
(ക്ലാസ് സംഘടിപ്പിക്കുമ്പോൾ Tea , Snacks and TA
Medical check up)

6

# ജി. എച്ച്. എസ്. എസ് കോട്ടത്തറ

## വാർഷിക പദ്ധതി രൂപരേഖ
## 2025 -2026*

<u>വിഷയം :</u> ഗണിത ക്ലബിൻ്റെ പ്രവർത്തനം

<u>പ്രാധാന്യം</u> : ഗണിത ത്തിൽ താല്പര്യം ഉളവാക്കുക.
ഗണന ചിന്തയ്ക്ക് മുൻഗണന കൊടുത്തു കൊണ്ട് വിവിധ പ്രവർത്തനങ്ങൾ ചെയ്യുക

<u>പ്രവർത്തനഘട്ടങ്ങൾ</u>

1. *ഒറിഗാമി ശില്പശാല*

ഗണിത ത്തിൽ താല്പര്യ ം ഉളവാക്കുന്നതിന് എല്ലാ തരം കുട്ടികളെയും ഉൾപ്പെടുത്തി കൊണ്ട് നടത്തുന്നു

2. *ഗണിത പസിൽ*

ഗണന ചിന്തയ്ക്കും, ഗണിത ചിന്തയ്ക്കും പ്രാധാന്യം കൊടുത്തു കൊണ്ട് 2 ആഴ്ച കൂടുമ്പോൾ പസിൽ അവതരണം മികച്ച വയ്ക്ക് സമ്മാനം നൽകുന്നു.

3. *വിദഗ്ധ ക്ലാസ്*

ഗണിതത്തിൽ പ്രയാസമേറിയ ഭാഗങ്ങൾ വളരെ എളുപ്പത്തിൽ ഉറപ്പിക്കുന്നതിന് വിദഗ്ധരായ അധ്യാപകരെ കൊണ്ടും geometric ചാർട്ട് പോലെയുള്ള മത്സര ഇനങ്ങളിൽ പരിശീലനം നല്കുന്നതിന് അതിൽ മികവു കാണിച്ച കുട്ടികളെ കൊണ്ട് ക്ലാസുകൾ വർഷത്തിൽ 3 തവണ സംഘടിപ്പിക്കുന്നു

4 .*വർക്ക് ഷോപ്പ്*

പ്രവർത്തി പഠന സാധ്യത ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കുന്നത് പരിശീലിപ്പിക്കുന്ന പ്രവർത്തനം അത് പൊതു സമൂഹത്തിൻ്റെ മുന്നിൽ പ്രദർശിപ്പിക്കുന്നു

5 *ഗണിത ക്ലിനിക്*

ഗണിതത്തിൻ്റെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിന് പിയർ ഗ്രൂപ്പ് പ്രവർത്തനം ചോദ്യാവലി തയ്യാറാക്കൽ

6 *ജിയോജിബ്ര പരിശീലനം*

അമൂർത്തമായ ഗണിതശയങ്ങൾ പെട്ടെന്ന് മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനം

<u>*കാലയളവ്*</u> : 1 വർഷം

<u>*പ്രതീക്ഷിത ചെലവ്*</u>: 2000 രൂപ

7

# ജി എച്ച് എസ് എസ് കോട്ടത്തറ

## വാർഷിക പദ്ധതി രൂപരേഖ
## 2025 - 2026

**വിഷയം** : സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് പ്രവർത്തനങ്ങൾ

**പ്രാധാന്യം** : പഠനത്തിലൂടെ ആർജ്ജിച്ച അറിവുകൾ തനിക്കും താനുൾ കൊള്ളുന്ന സമൂഹത്തിനും ഉതകുന്ന രീതിയിൽ നിത്യജീവിതത്തിൽ പ്രയോഗികമാക്കുക.

**പ്രവർത്തനഘട്ടങ്ങൾ :**

1. ദിനാചരണങ്ങൾ : ഓരോ മാസത്തിലെയും പ്രധാന ദിനങ്ങളുടെ ലഘു വിവരണം പ്രാർത്ഥനയ്ക്ക് ശേഷം നൽകുന്നു.
2. ക്വിസ് : കുട്ടികളിൽ പൊതു വിജ്ഞാനം വളർത്തുക എന്ന ലക്ഷ്യത്തോടെ ആഴ്ച്ചയ്ക്ക് 25 ചോദ്യങ്ങൾ നൽകി മാസം തോറും നൽകുന്ന 100 ചോദ്യങ്ങളിൽ നിന്ന് ക്വിസ് മത്സരം നടത്തുകയും വർഷാവസാനം മെഗാ ക്വിസ് നടത്തുന്നു.
3. ഫീൽഡ് ട്രിപ്പ്: പാഠഭാഗങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും പ്രകൃതി പ്രതിഭാസങ്ങളെ കുറിച്ചറിയുന്നതിനുമായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.
4. ഷോർട്ട് ഫിലിം : സാമൂഹ്യ ബോധം,പൗരബോധം എന്നിവ പ്രമേയമായിട്ടുള്ള ഷോർട്ട് ഫിലിം പ്രദർശനം നടത്തുന്നു.

**കാലയളവ്**: 1-വർഷം

8

# ജി എച്ച് എസ് എസ് കോട്ടത്തറ

## വാർഷിക പദ്ധതി രൂപരേഖ 2025-2026

**വിഷയം:** എൽ എസ് എസ് പരിശീലനം

**പ്രാധാന്യം:** പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ മത്സര പരീക്ഷയിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

1. സ്കൂൾ തലത്തിൽ ഒരു പൊതു പരീക്ഷ നടത്തി അതിൽ മികച്ച നിലവാരം പുലർത്തിയ കുട്ടികളെ കണ്ടെത്തുന്നു.
2. പരീക്ഷയിൽ മികച്ച നിലവാരം പുലർത്തിയ രക്ഷിതാക്കളുടെ ഒരു യോഗം സംഘടിപ്പിക്കുകയും LSS പരീക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യുന്നു.
3. എല്ലാ ദിവസവും ഒരു പീരിഡ് LSS പരിശീലനത്തിനായി മാറ്റി വയ്ക്കുന്നു.
4. കുട്ടികളുടെ whatsapp group Create ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.
5. അവസാനത്തെ 3 മാസം ശനിയാഴ്ചകളിൽ LSS പരിശീലനത്തിനായി പ്രത്യേകം പരിശീലനം നൽകുന്നു.
6. ഓരോ മാസവും കുട്ടികളുടെ നിലവാരം മനസിലാക്കുന്നതിന് പരീക്ഷകൾ നടത്തുന്നു.
7. കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ അറിയിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

**കാലയളവ്**
2025–26 ( 1 year)

**പ്രതീക്ഷിത ചെലവ്**
200/–പരീക്ഷ നടത്തുന്നതിനാവശ്യമായ question paper Print എടുക്കുന്നതിന്

# ജി എച്ച് എസ് എസ് കോട്ടത്തറ

## വാർഷിക പദ്ധതി
## 2025 - 2026

**പ്രീ പ്രൈമറി :**
വിഷയം: പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

**പ്രവർത്തന ഘട്ടങ്ങൾ :**

1.. കുട്ടികളെ പ്രീ സ്കൂളിലേക്ക് ആകർഷിക്കുന്ന തരത്തിൽ വർണ്ണ കൂടാരം സജ്ജമാക്കുക
2: ശാസ്ത്രീയമായ പ്രീ സ്കൂളിംഗ്സംവിധാനം നടപ്പിലാക്കി മികച്ച രീതിയിൽ അക്കാദമിക പ്രവർത്തനം നടത്തുക
3: കുട്ടികളുടെ പേശി വികാസങ്ങളെ മെച്ചപ്പെടുത്തുന്നത് അടക്കമുള്ള അക്കാദമിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക
4: ശിശു സൗഹൃദമായ അനുഭവങ്ങൾ ഒരുക്കുന്ന ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കിയെടുക്കുക
5: പിടിഎ,എംപിടിഎ, എസ് ആർ ജി, എസ് എം സി, എസ് എസ് കെ, ബി ആർ സി, ഡയറ്റ്, വിദ്യാഭ്യാസ വിദഗ്ധർ, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി സാമൂഹികമായ പിന്തുണ ഉറപ്പാക്കുക
6: മേൽ പ്രതിപാദിച്ചവരിൽ നിന്നും സാമ്പത്തികമായ സഹായങ്ങൾ പ്രൈമറിക്ക് ലഭ്യമാക്കുക

**കാലയളവ്:** 1-വർഷം

# ജി.എച്ച്.എസ്.എസ് കോട്ടത്തറ

## വാർഷിക പദ്ധതി പ്രവർത്തന രൂപരേഖ...
## 2025-26

വിഷയം : ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ

പ്രവർത്തനങ്ങൾ :

1. UP ,HS ഐടി ലാബ് നവീകരണം...
ആവശ്യമായ എണ്ണം കമ്പ്യൂട്ടർ /ലാപ്ടോപ്പ് സജ്ജീകരണം
2. IT അധിഷ്ഠിതമായ പഠന സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഹൈ സ്കൂളിലെ എല്ലാ ക്ലാസ്സുകളിലും പ്രൊജക്ടർ അനുബന്ധ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക ,(റിമോട്ട്, എച്ച്ഡിഎംഐ കേബിൾ മുതലായവ.)
3. ഹൈസ്കൂൾ ക്ലാസ്സുകളിലെ മുഴുവൻ പ്രൊജക്ടർ സ്ക്രീനും ഉപയോഗപ്രദമായ രീതിയിൽ സജ്ജീകരിക്കുക
4. UP ക്ളാസ്സുകളിലും ആവശ്യമായ സ്മാർട്ട് ക്ളാസ്സ്റൂമുകൾ സജ്ജീകരിക്കുക..
5. എൽപി ക്ലാസ്സുകളിൽ ചുരുങ്ങിയത് ഒരു സ്മാർട്ട് റും എങ്കിലും സജ്ജമാക്കുക.
6.എല്ലാ വിഷയങ്ങളിലും ഐടി അധിഷ്ഠിത പഠനം നടത്തുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക..
7.വിദ്യാലയ പ്രവർത്തനങ്ങളിൽ അവസരോചിതമായി വിവര സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി കഴിവുള്ള വിദ്യാർഥികളുടെ സേവനം പ്രയോജനപ്പെടുത്തുക.
8.തൽപരരായ വിദ്യാർത്ഥികൾക്ക് e-library/ IT corner സൗകര്യം ഉറപ്പ് വരുത്തുക
9.ലൈബ്രറിയിലടക്കമുള്ള സ്മാർട്ട് ബോർഡുകളുടെ അനന്ത സാദ്ധ്യതകൾ കുട്ടികൾക്ക് ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ...
കുട്ടികൾക്ക് കൂടി അതിൻറെ പ്രയോജനം ലഭ്യമാക്കുക..
10. VR lab കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക...
അതിൻറെ പരമാവധി സാദ്ധ്യതകൾ പഠന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുക..
11.വിദ്യാലയത്തിന് ലഭ്യമായിട്ടുള്ള ടി.വി കുട്ടികൾക്കായി പ്രയോജനപ്പെടുത്തുക..അതുവഴി വിവരസാങ്കേതിക വിദ്യയുടെ പരമാവധി സാദ്ധ്യതകൾ വിദ്യാർത്ഥികൾക്ക് മുന്നിൽ തുറന്ന് വയ്ക്കുക..

കാലയളവ്: ഒരു വർഷം

# ജി എച്ച് എസ് എസ് കോട്ടത്തറ

## വാർഷിക പദ്ധതി രൂപരേഖ 2025-2026

വിഷയം : ഉച്ച ഭക്ഷണം

പ്രാധാന്യം – വിശപ്പ് രഹിതമായ അവസ്ഥയിലെ കുട്ടികൾക്ക് പഠനപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കാൻ കഴിയൂ.

പ്രവർത്തനങ്ങൾ –

1) പ്രീ പ്രൈമറി മുതൽ 8–ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിപ്രകാരം ഉച്ച ഭക്ഷണം നൽകുക.

2) 9, 10 ക്ലാസുകളിൽ വിശന്നിരിക്കുന്നവരുണ്ടെങ്കിൽ അവരെ കണ്ടെത്തി ഭക്ഷണം നൽകുക.

3) വിഷരഹിതവും പ്രദേശികവുമായ പച്ചക്കറികൾ ലഭിക്കുന്നതിനായി എല്ലാ കുട്ടികൾക്കും പച്ചക്കറിത്തൈകൾ നൽകി വിഭവസമാഹരണം നടത്തുക.

4) അടുക്കള പച്ചക്കറി തോട്ടം നിർമ്മിക്കുക.

5) കൃഷി വകുപ്പിന്റെയും, പൊതു സമൂഹത്തിന്റെയും സഹായം തേടുക.

6) കുട്ടികളുടെ മാനസിക, ശാരീരിക വളർച്ചക്കും, രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ പോഷകഗുണങ്ങൾ അടങ്ങിയ ഭക്ഷണം നൽകുക.

7) പാചകപ്പുര, പരിസരം എന്നിവയുടെ ശുചിത്വം ഉറപ്പ് വരുത്തുക.

8) വിശന്നിരിക്കുന്ന കുട്ടികളില്ലാത്ത വിദ്യാലയം ഉറപ്പ് വരുത്തുക.

കാലയളവ് –
2025–26

പ്രതീക്ഷിത ചെലവ്
2000 രൂപ
( പച്ചക്കറി തൈവിതരണം)

# ജി എച്ച് എസ് എസ് കോട്ടത്തറ

# വാർഷിക പദ്ധതി രൂപരേഖ 2025-2026

## വിദ്യാരംഗം ക്ലബ്ബ്

**ലക്ഷ്യങ്ങൾ**

പഠനത്തോടൊപ്പം വിദ്യാർത്ഥികളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുക, ഭാഷാനൈപുണികൾ പരിപോഷിപ്പിക്കുക, കലാപരവും സാംസ്കാരികവുമായ കഴിവുകൾ വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോട്ടുകൂടി പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് വിദ്യാരംഗം കലാസാഹിത്യ വേദി

**പ്രവർത്തനങ്ങൾ**

1. വായനാദിനത്തോടനുബന്ധിച്ച് LP, UP,HS വിഭാഗങ്ങളിൽ മുഴുവൻ ക്ലാസ് തല ലൈബ്രറി രൂപീകരിക്കുക
2. വിദ്യാരംഗം സാഹിത്യവേദിയുടെ ഉദ്ഘാടനം
3. വിവിധ ദിനാചരണങ്ങൾ ആഘോഷിക്കൽ
4. കുട്ടികളിലെ വിവിധ കഴിവുകൾ കണ്ടെത്തുന്നതിന് സാഹിത്യസദസ് സംഘടിപ്പിക്കുക
5. കവിത ,കഥ, പുസ്തകാസ്വാദനം, കവിതാലാപനം അഭിനയം ,ചിത്രം വര തുടങ്ങിയ മേഖലകളിലേക്ക് കുട്ടികളെ തെരഞ്ഞെ ടുക്കൽ
6. വിവിധ തരത്തിലുള്ള ശിൽപശാലകൾ സംഘടിപ്പിക്കൽ
7. കുട്ടികളുടെ രചനകൾ സ്വീകരിച്ച് അവ പതിപ്പാക്കി മാറ്റുക
8. ഉപജില്ലാതലത്തിലേക്ക് പരിശീലനം നൽകുക
9. പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളുമായി പരമാവധി ബന്ധിപ്പിക്കൽ
10. വായനയ്ക്ക് കൂട്ടുതൽ പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

**കാലയളവ്** ജൂൺ മുതൽ ഡിസംബർ വരെ

**പ്രതീക്ഷിത ചിലവ്:** 2000 രൂപ

13

# ജി.എച്ച്.എസ്.എസ് കോട്ടത്തറ

## വാർഷിക പദ്ധതി രൂപരേഖ
## 2025 -2026

വിഷയം : ലൈബ്രറി

പ്രാധാന്യം :വായനയോടുള്ള ഇഷ്ടം വളർത്തുക
അക്കാദമികമായി മികവ് പുലർത്താൻ സഹായിക്കുന്നു.
സർഗത്മകത വളർത്താൻ സഹായിക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ :

1. കുട്ടികളേയും അധ്യാപകരേയും ആകർഷിക്കുന്ന വിധത്തിൽ ലൈബ്രറിയുടെ സജ്ജികരണത്തിൽ മാറ്റം വരുത്തുന്നു.
2. ലൈബ്രറി റൂം കുട്ടികളുടെ വായനയ്ക്കു വേണ്ടിയും പഠനാവശ്യങ്ങൾക്ക് വേണ്ടിയും മാത്രം ഉപയോഗിക്കുന്ന തരത്തിൽ മാറ്റുന്നു.
3. കഴിഞ്ഞ വർഷം കുട്ടികൾക്ക് കൊടുത്ത പുസ്തകങ്ങൾ ഇനിയും തിരികെ കിട്ടാനുണ്ട്. ക്ലാസ് ടീച്ചേഴ്സിന്റെ സഹായത്തോടെ എത്രയും പെട്ടെന്ന് അവ തിരിച്ച് എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു.
4. ക്ലാസ്സ് ടീച്ചേർസിന്റെ സഹായത്തോടെ ഓരോ ക്ലാസിലും ഓരോ ക്ലാസ് ലൈബ്രറി തയ്യാറാക്കുന്നു.
5. ലൈബ്രറി പിരിഡുകളിൽ കുട്ടികൾക്ക് ലൈബ്രറിയിൽവന്ന് സ്വതന്ത്രമായി പുസ്തകങ്ങൾ തിരിഞ്ഞെ ടുത്ത് വായിക്കാനുള്ള അവസരം ഒരുക്കുന്നു.
6. ഒന്നോ രണ്ടോ മാസങ്ങൾ കൂടുമ്പോൾ പുസ്തകങ്ങൾ തിരികെ വാങ്ങി പുതിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു.
7.എഴുത്തുകാരുടെ ഓർമ്മദിനങ്ങൾ വായന ദിനം തുടങ്ങിയവയോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ. രചന മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

പ്രവർത്തന കാലയളവ് : 1 വർഷം

പ്രതീക്ഷിത ചെലവ് : 5000 രൂപ